ഉഷസ്സ് പദ്ധതി

16 (*226) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. ഹംസ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരത്തിലെ ചേരികളിൽ താമസിക്കുന്നവർക്കായി പ്രഖ്യാപിച്ച ഉഷസ്സ് പദ്ധതിയെ കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി ലക്ഷ്യമിട്ടകാര്യങ്ങൾ എന്തൊക്കെയായിരുന്നു ; ഇതുവരെ നടപ്പിലാക്കിയത് എന്തൊക്കെയായിരുന്നു ; അറിയിക്കുമോ ;

(സി) കേന്ദ്ര പദ്ധതിയായ ദേശീയ നഗര ആരോഗ്യ പദ്ധതിക്ക് പുറമേ സംസ്ഥാന സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണ് ; അതിനായി ചെലവഴിച്ച തുകയുടെ വിശദാംശം അറിയിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഉണ്ട്. അതാത് ജില്ലാ കേന്ദ്രങ്ങളിലും ദേശീയ ആരോഗ്യ ദൗത്യത്തിന്റെ തിരുവനന്തപുരത്തെ സംസ്ഥാന മിഷൻ ഓഫീസ് തലത്തിലും വിലയിരുത്തിയിട്ടുണ്ട്.

(ബി) ഉഷസ്സ് പദ്ധതി മുഖ്യമായും ലക്ഷ്യം വെച്ചത് കേരളത്തിലെ നഗരങ്ങളിലെ ചേരിപ്രദേശങ്ങളിൽ താമസക്കാരായ ജനങ്ങളുടെ ഊർജ്ജിത ആരോഗ്യ രക്ഷയാണ്.

ദേശീയ ആരോഗ്യ ദൗത്യത്തിന്റെഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ (അർബൻ പി.എച്ച്.സി) അടിസ്ഥാന സൗകര്യങ്ങളും ആരോഗ്യ പ്രവർത്തകരുടെ സേവനവും സമീപ ആശുപത്രികളിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും ഉപയുക്തമാക്കി പ്രത്യേക ആരോഗ്യ ക്യാമ്പുകൾ നടത്തുക എന്നതായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിലൂടെ ചേരി/കോളനി പ്രദേശങ്ങളിലെ ജനങ്ങൾക്ക് നിശ്ചിത കാലയളവിൽ വിദഗ്ധ ചികിത്സ അവരുടെ ആവാസകേന്ദ്രങ്ങളിൽതന്നെ ഉറപ്പാക്കുക എന്നത് മുഖ്യലക്ഷ്യമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാരിന്റെ മിഷൻ 676 പരിപാടിയുമായി സംയോജിപ്പിച്ച് (Integrate) നടപ്പാക്കിയ ഉഷസ്സ് പദ്ധതിയിലൂടെ നഗര ചേരി പ്രദേശങ്ങളിലെ കുടുംബാംഗങ്ങളുടെ ഒരു ആരോഗ്യ രജിസ്റ്റർ (Health Register) തയ്യാറാക്കലും ലക്ഷ്യമിട്ടിരുന്നു. നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ (Urban PHC) ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ (10000 പേർക്ക് ഒരാൾ എന്ന ക്രമത്തിൽ നിയമിതരായിട്ടുള്ളവർ) ചേരി പ്രദേശങ്ങളിലെ വീടുകൾ സന്ദർശിച്ച് വിവര ശേഖരണം നടത്തി ഓരോ കുടുംബത്തിനും അതിലെ അംഗങ്ങളുടെ ആരോഗ്യം, രോഗചികിത്സാ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയ ഒരു ബുക്ക് നൽകാനായിരുന്നു ലക്ഷ്യം. തുടർ സേവനങ്ങൾക്കും ചികിത്സയ്ക്കും ഈ അടിസ്ഥാന വിവരസഞ്ചയം ഉപയോഗിക്കാൻ ലക്ഷ്യമിട്ടു.

ഉഷസ്സിന്റെഭാഗമായി സംസ്ഥാനത്തെ ചേരികൾ/കോളനികൾ ഉള്ള എല്ലാ നഗര പ്രദേശങ്ങളിലും കൂടി 522 പ്രത്യേക ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഏറ്റവും കൂടുതൽ ക്യാമ്പുകൾ നടത്തിയത് കോഴിക്കോട് ജില്ലയിലാണ്(80), തിരുവനന്തപുരം (60), എറണാകുളം (66) എന്ന ക്രമത്തിലും ക്യാമ്പുകൾനടന്നു. 750 ക്യാമ്പുകളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ക്യാമ്പുകൾ ഇപ്പോഴും തുടർന്നു വരുന്നു.

(സി) ദേശീയ നഗര ആരോഗ്യ പദ്ധതിയുടെ കേരളത്തിലെ പ്രവർത്തനങ്ങൾ കേന്ദ്ര ഗവൺമെന്റ് ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗരേഖയെ പൂർണമായും അനുസരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്.

ഭാരത സർക്കാർ പദ്ധതിയായ ദേശീയ നഗരാരോഗ്യ ദൗത്യ (NUHM)ത്തിന്റെ ഭാഗമായി കേരളത്തിൽ അമ്പതിനായിരമോ, അതിലധികമോ ജനസംഖ്യയുള്ള 37 നഗരങ്ങളിലായി 69 നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ (Urban PHCs) പ്രവർത്തനം ആരംഭിച്ചു. 47,99,000 നഗരവാസികൾ ഇത്തരം ആരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നു. വിവിധ ജില്ലകളിലായി 76 ആരോഗ്യ കേന്ദ്രങ്ങളാണ് കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ചുതന്നിട്ടുള്ളത്. അവശേഷിക്കുന്ന 7 കേന്ദ്രങ്ങളുടെ പ്രവർത്തനം ഉടനെ ആരംഭിക്കാനുള്ള ശ്രമത്തിലാണ്. 14 ജില്ലകളിലെയും കോർപ്പറേഷനുകൾ/നഗരസഭകൾ ലഭ്യമാക്കിയ കെട്ടിടങ്ങൾ പദ്ധതിയുടെ ചെലവിൽ നവീകരിച്ചു. സർവ്വസജ്ജമായ ക്ലിനിക്കൽ ലബോറട്ടറി ഉൾപ്പെടെയാണ് ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

രാവിലെ 10 മണി മുതൽ രാത്രി 8 മണി വരെ പ്രവർത്തിക്കുന്ന ഇത്തരം കേന്ദ്രങ്ങളിൽ ഔട്ട് പേഷ്യന്റ് ചികിത്സാ സേവനം, ഗർഭിണികൾ, കൗമാരക്കാർ,

കുട്ടികൾ എന്നിവർക്കുള്ള പ്രത്യേക ആരോഗ്യ സേവന പ്രവർത്തനങ്ങൾ, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ, വീട് വീടാന്തരമുള്ള ആരോഗ്യ പ്രവർത്തകരുടെ സേവനം എന്നിവ ലഭ്യമാക്കിവരുന്നു. ഓരോ നഗര ആരോഗ്യ കേന്ദ്രത്തിലും ഒരു മുഴുവൻ സമയ ഡോക്ടർ, ഒരു പാതിസമയ ഡോക്ടർ, 2 സ്റ്റാഫ് നഴ്സുമാർ, ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ, ഓരോ 10000 ജനസംഖ്യയ്ക്കും ഒന്ന് എന്ന ക്രമത്തിൽ ശരാശരി 5 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, 2 മിനിസ്റ്റീരിയൽ ജീവനക്കാർ എന്നിവർ സേവന രംഗത്തുണ്ട്.

കെട്ടിട നിർമ്മാണം ഉൾപ്പെടെ അസംഘടിത മേഖലയിലെ തൊഴിലാളികൾ, അന്യസംസ്ഥാന തൊഴിലാളികൾ, തൊഴിൽ രഹിതരായ നിർദ്ധന നഗരവാസികൾ എന്നിവർക്കാണ് UPHC കളുടെ സേവനം ലക്ഷ്യമിട്ടിരിക്കുന്നത്. രാത്രി 8 മണി വരെ ആശുപത്രി പ്രവർത്തിക്കുന്നതിനാൽ നിർദ്ധന തൊഴിലാളികൾക്കും അവരുടെ തൊഴിൽ സമയം കഴിഞ്ഞ് സേവനം പ്രയോജനപ്പെടുത്തുവാൻ കഴിയുന്നു.

നഗരത്തിലെ നിർദ്ധന ജനവിഭാഗങ്ങൾക്കിടയിൽ ആരോഗ്യകാര്യങ്ങളെപ്പറ്റി അവബോധമുണ്ടാക്കുന്നതിന് വാർഡ്/ഡിവിഷൻ തലത്തിൽ നഗര പോഷക-ആരോഗ്യദിനാചരണം, ചേരിനിവാസികൾക്കായി പ്രത്യേക വൈദ്യപരിശോധനാ ക്യാമ്പുകൾ, ആരോഗ്യ പ്രവർത്തകരുടെ ഭവന സന്ദർശന-സേവന പ്രവർത്തനങ്ങൾ എന്നിവയും ഈ പദ്ധതിയുടെകീഴിൽ നടന്നുവരുന്നു. 1000 ജനസംഖ്യയ്ക്ക് ഒന്ന് എന്ന ക്രമത്തിൽ ആശ (ASHA) മാരുടെ സേവനവും നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ലഭ്യമാക്കി വരുന്നു.

ലബോറട്ടറി, ഫാർമസി, റഫറൽ സംവിധാനം, പ്രതിരോധ കുത്തിവെയ്പ്പു പരിപാടി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള പ്രത്യേക ക്ലിനിക്, കുടുംബക്ഷേമ-ജനസംഖ്യാ നിയന്ത്രണ പ്രവർത്തനങ്ങൾ, ജീവിതശൈലീരോഗ നിർണയ ക്ലിനിക്ക്, ബോധവൽക്കരണ പരിപാടികൾ, മറ്റ് പ്രധാന ദേശീയ ആരോഗ്യ പരിപാടികളുടെ നടത്തിപ്പിനുവേണ്ട പിന്തുണയും ഇടപെടലും എന്നിങ്ങനെ വൈവിധ്യമാർന്ന സേവനങ്ങളാണ് നഗരാരോഗ്യ ദൗത്യത്തിന്റെ ഭാഗമായി കേരളത്തിൽ ലഭ്യമാക്കിയിട്ടുള്ളത്. ദേശീയ നഗരാരോഗ്യദൗത്യത്തിന്റെ പ്രവർത്തനത്തിലേക്ക് 2013-14 സാമ്പത്തിക വർഷത്തിൽ 1 കോടി 15 ലക്ഷവും 2014-15 സാമ്പത്തിക വർഷത്തിൽ 22 കോടി 60 ലക്ഷം രൂപയും ഉൾപ്പെടെ 23 കോടി 75 ലക്ഷം രൂപ കേരളത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 25 ശതമാനം തുക സംസ്ഥാന സർക്കാർ വിഹിതമാണ്.

LIBRARY ARCHIVES Kerala Legislative Assembly